പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 260 05-03-12-ൽ മറുപടിക്ക്.

## അബ്കാരി കേസുകൾ തീർപ്പ് കൽപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ശ്രീ. വർക്കല കഹാർ :<br>ശ്രീ. എ. റ്റി. ജോർജ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. ജോസഫ് വാഴക്കൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അബ്കാരി കേസുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) ജില്ലാടിസ്ഥാനത്തിൽ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ / അസി. എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്നിവർ പ്രതിമാസ / ദ്വൈവാര കോൺഫറൻസുകളിൽ കേസന്വേഷണ പുരോഗതി റിവ്യൂ ചെയ്ത്, ഓരോ മാസവും എത്ര കേസുകളിൽ ചാർജ് ഷീറ്റ് നൽകണമെന്ന് ഉദ്യോഗസ്ഥർക്ക് ടാർജറ്റ് നൽകുന്നുണ്ട്. കൂടാതെ, Bailable offence മൂന്ന് മാസത്തിനുള്ളിലും, Non-Bailable offence ആറ് മാസത്തിനുള്ളിലും അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിയിൽ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അസി. എക്സൈസ് ഇൻസ്പെക്ടർമാരെ അധികാരപ്പെടുത്തി ഉത്തരവായിട്ടുണ്ട്. മേജർ കേസുകളുടെ ചുമതല അസി. എക്സൈസ് കമ്മീഷണർ / സർക്കിൾ ഇൻസ്പെക്ടർ എന്നിവർക്കാണ്. മൈനർ കേസുകൾ ഡിപ്പാർട്ടുമെന്റ് തലത്തിൽ പിഴ ഈടാക്കി തീർപ്പാക്കി വരുന്നു. |
| (ബി) ഇതിനായി മൊബൈൽ ലാബുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; | (ബി) മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) പരീക്ഷണാടിസ്ഥാനത്തിൽ, സൗത്ത് സോണിൽ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ